പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2828

20.03.2015 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## സർക്കാർ ഭൂമി കയ്യേറിയുള്ള പാറഖനനം

ചോദ്യം
ശ്രീമതി.കെ.കെ.ലതിക

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറി പാറഖനനം നടത്തുന്നതായി-ട്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) | സർക്കാർ പാറ അനധികൃതമായി പൊട്ടിച്ചതുമായി ബന്ധപ്പെട്ട് പരാതി-കൾ ലഭ്യമായിട്ടുണ്ട്. |
| (ബി)<br><br><br>(സി) | എങ്കിൽ ഏതൊക്കെ ജില്ലകളിൽ നിന്നാണ് ഇത്തരം പരാതികൾ ലഭിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ;<br><br>ഏതൊക്കെ സ്ഥലങ്ങളിൽ നിന്നാണ് ഇത്തരം വൻകിട പാറഖനനം നടക്കുന്നതായി പരാതി ഉയർന്നു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) | തിരുവനന്തപുരം - നെടുമങ്ങാട് താലൂക്കിലെ ആനാട് വില്ലേജ്, ചിറയിൻകീഴ് താലൂക്കിലെ ഇളമ്പ, മുദാക്കൽ, നഗരൂർ, വർക്കല താലൂക്കിലെ കരവാരം, മടവൂർ വില്ലേജുകൾ<br>കൊല്ലം - കൊട്ടാരക്കര താലൂക്കിലെ പവിത്രേശ്വരം വില്ലേജ്.<br>പത്തനംതിട്ട - കോഴഞ്ചേരി താലൂക്കിലെ ഓമല്ലൂർ, നാരങ്ങാനം, പത്തനംതിട്ട, റാന്നി താലൂക്കിലെ വടശ്ശേരിക്കര വില്ലേജുകൾ<br>ഇടുക്കി - തൊടുപുഴ താലൂക്കിലെ മണക്കാട് വില്ലേജ്.<br>എറണാകുളം - മൂവാറ്റുപുഴ, കോതമംഗലം, കുന്നത്തുനാട് താലൂക്കുകൾ. |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ - അണ്ണല്ലൂർ, കോടശ്ശേരി, വെങ്ങാനെല്ലൂർ, മാടക്കത്തറ വില്ലേജുകൾ.<br>കോഴിക്കോട് - കൊയിലാണ്ടി താലൂക്കിൽ കൂരാച്ചുണ്ട് വില്ലേജ്. |
| (ഡി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | ലഭ്യമായ പരാതികളിൻമേൽ ഭൂസംരക്ഷണ നിയമപ്രകാരവും കേരള മൈനർ മിനറൽ ചട്ട പ്രകാരവും നടപടികൾ സ്വീകരിക്കുകയും കുറ്റക്കാരിൽ നിന്നും നിയമാനുസൃതമായ പിഴ, റോയൽറ്റി മുതലായവ ഈടാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ